**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- കോതമംഗലം നഗരസഭയിലെ എൽ.ഡി.ക്ളർക്ക് /ബിൽകളക്ടർ തസ്തികയിൽ സേവനമനുഷ്ഠിക്കുന്ന ശ്രീ.ശ്രീനിവാസൻ റ്റി.പി- നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 530/2019/സ്വഭവ. തീയതി, തിരുവനന്തപുരം, 05.03.2019

---

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 17.12.2018 തിയതിയിലെ ഇ 7-17038/18 നമ്പർ കത്ത്.

2. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 17.12.2018 തിയതിയിലെ ഇ 7-17038/18 നമ്പർ ഉത്തരവ്.

## ഉത്തരവ്

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 06.02.2003 ൽ എൽ.ഡി.ക്ളർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ശ്രീനിവാസൻ റ്റി.പി ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിയ്ക്കുന്നതിനാവശ്യമായ എം.ഒ.പി. ടെസ്റ്റ് 31.07.2010 തീയതിയിലാണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്&എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യഡയറക്ടർ പരാമർശം ഒന്ന് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 06.02.2003 ൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ശ്രീനിവാസൻ റ്റി.പി ഈ തസ്തികയിൽ രണ്ടുവർഷത്തെ സേവനം പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക് (06.02.2006 വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 2 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ച ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 06.02.2003 ൽ എൽ.ഡി.ക്ലാർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ശ്രീനിവാസൻ റ്റി.പി 31.07.2010 തീയതിയിൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത്

എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 01.08.2010 പൂർവ്വാഹനത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 07.02.2006 മുതൽ 02.08.2010 വരെ, കെ.എസ്.&എസ്.എസ്.ആർ ഭാഗം II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ശ്രീനിവാസൻ റ്റി.പി , എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, കോതമംഗലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, കോതമംഗലം നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ